No/10/2019/SRG/LSGD

**തദ്ദേശസ്വയംഭരണ വകുപ്പ്**
സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
31.01.2020

## കുറിപ്പ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ അത്യാവശ്യം വേണ്ട ഭേദഗതികൾ വരുത്താനും പ്രളയം ദുരന്തം വരുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച വിഹിതം ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കാനും 15.12.2019 വരെ സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്തിരുന്നു. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ഇതിന്റെ കാലപരിധി 30.01.2020 വരെ നീട്ടിയിരുന്നു. എന്നാൽ ഇനിയും 124 തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടി വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കാനുണ്ട്.

വാർഷിക പദ്ധതി അന്തിമാക്കി സമർപ്പിക്കാനുള്ള ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ കാലതാമസം വരുത്തിയതിന്റെ കാരണം സഹിതം ആവശ്യപ്പെടുന്ന മുറയ്ക്ക് പദ്ധതി സമർപ്പിക്കുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യുന്നതാണ്. ഇതിനുള്ള കത്ത് താഴെപ്പറയുന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കണം

നടപ്പ വർഷത്തെ പദ്ധതി നിർവഹണത്തിലും അടുത്ത വർഷത്തെ പദ്ധതി രൂപീകരണത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളും നിർവഹണ ഉദ്യോഗസ്ഥരും ജില്ലാ ആസൂത്രണസമിതിയും കൂടുതൽ ശ്രദ്ധിക്കേണ്ടതുള്ളതിനാൽ ഫെബ്രുവരി മാസം പദ്ധതി ഭേദഗതിക്ക് സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമുണ്ടായിരിക്കുന്നതല്ല. എന്നാൽ ബഡ്ജറ്റ് വിഹിതത്തിന്റെ 2, 3 ഗഡുക്കളിൽ നിന്ന് ധന വകുപ്പ് ഹഡ്കോ ലോൺ തിരിച്ചടവ് പോലുള്ളവയ്ക്ക് തുക കുറവ് ചെയ്തതിനാൽ മേഖലാ വിഭജനത്തിന്റെ വാലിഡേഷൻ ക്രമപ്പെടുത്താൻ ബുദ്ധിമുട്ട് നേരിടുന്നതു കാരണം ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 28.01.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യുന്നതായിരിക്കും. മറ്റ് അത്യാവശ്യം വേണ്ട ഭേദഗതികൾക്ക് മാർച്ച് 1 മുതൽ 8 വരെ അവസരം നൽകുന്നതായിരിക്കും. ഇതനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്താവുന്നതാണ്. ഈ ക്രമത്തിൽ ജില്ലാ ആസൂത്രണസമിതി കൂടുന്നതിന് ജില്ലാ കളക്ടർമാർ ആവശ്യമായ നടപടി സ്വീകരിക്കണം.

ഇ-മെയിൽ വിലാസം - srglsgdcc@gmail.com

അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്